"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.കൃഷ്ണ.സി.ആർ ന് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1148/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/06/2021

---

പരാമർശം:- 1 സ.ഉ(പി) നം.110/13/ ധന തീയതി 01.03.2013

2 ശ്രീമതി.കൃഷ്ണ.സി.ആർ-ന്റെ 14.07.2020 ലെ ശൂന്യവേതനാവധി അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 22.11.2020, 18.03.2021 ലെ ഇ4-13230/പാൻ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽപത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.കൃഷ്ണ.സി.ആർ ന് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) ശ്രീമതി.കൃഷ്ണ.സി.ആർ, 17.10.2013 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് 04.11.2019 മുതൽ 01.02.2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് ടിയാൾ സേവനത്തിൽ പ്രവേശിക്കാതെ അവധി ദീർഘിപ്പിക്കുവാൻ അപേക്ഷിച്ചതിനെ തുടർന്ന് ടിയാൾക്ക് വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്യുകയുണ്ടായി. ടിയാൾ 04.11.2019 മുതൽ 25.05.2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റുകളും 26.05.2020 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.കൃഷ്ണ.സി.ആർ ന് പരാമർശം (1)

ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 04.11.2019 മുതൽ 25.05.2020 വരെ 204 ദിവസം ആർജ്ജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും 26.05.2020 മുതൽ 06.07.2020 വരെയുള്ള കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേലല്ലാതെയും ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, വളവന്നൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി.കൃഷ്ണ.സി.ആർ, സീനിയർ ക്ലാർക്ക്, കവിയൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(226/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danyill

സെക്ഷൻ ഓഫീസർ